പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3098

03/04/2013- ൽ മറുപടിക്ക്

## കോഴിക്കോട് കോർപ്പറേഷന് നൽകാനുള്ള തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. മഞ്ഞളാംകുഴി അലി.<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് കോർപ്പറേഷനിൽ നിന്ന് വിരമിച്ച റഗുലർ ജീവനക്കാർക്ക് പെൻഷൻ നൽകിയ വകയിൽ സർക്കാർ പ്രസ്തുത കോർപ്പറേഷന് എന്തു തുകയാണ് നൽകാനുള്ളതെന്ന് വിശദമാക്കുമോ ; | (എ) കോഴിക്കോട് കോർപ്പറേഷന് അലോട്ട്മെന്റ് ഇനത്തിൽ 31/03/2013 വരെ 22,22,05,546/- രൂപ നൽകുവാൻ കുടിശ്ശികയുണ്ട്. |
| (ബി) പ്രസ്തുതയിനത്തിലേക്ക് ഏറ്റവും അവസാനം തുക നൽകിയതെന്നാണെന്ന് വ്യക്തമാക്കാമോ ; | (ബി) അലോട്ട്മെന്റ് ഇനത്തിൽ 16/04/2010 നാണ് അവസാനമായി കോഴിക്കോട് കോർപ്പറേഷന് തുക അനുവദിച്ചിട്ടുള്ളത് |
| (സി) പ്രസ്തുത കുടിശ്ശിക തുക നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (സി) നഗരകാര്യ ഡയറക്ടറുടെ പെൻഷൻ ഫണ്ടിൽ ആവശ്യമായ തുക ഇല്ലാത്തതുകാരണമാണ് കോഴിക്കോട് കോർപ്പറേഷന് അലോട്ട്മെന്റ് ഇനത്തിൽ കുടിശ്ശിക ഉള്ള തുക നൽകാൻ കഴിയാത്തത്.<br><br>സംസ്ഥാനത്തെ നഗരസഭകൾക്ക് പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ 246.03 കോടി രൂപയാണ് നൽകുവാനുള്ളത്. നഗരസഭകൾ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 99.72 കോടി രൂപ നഗരകാര്യ ഡയറക്ടറുടെ പെൻഷൻ ഫണ്ടിൽ അടയ്ക്കുവാനുമുണ്ട്. ഈ കണക്കുപ്രകാരം 146.31 കോടി രൂപ കണ്ടെത്തേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ